# പതിമൂന്നാം കേരള നിയമസഭ

## ഹർജികൾ സംബന്ധിച്ച സമിതി
## (2011 -14)

**ഒന്നാമത് റിപ്പോർട്ട്**

**മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച്**

(2012 മാർച്ച് 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

# പതിമൂന്നാം കേരള നിയമസഭ

## ഹർജികൾ സംബന്ധിച്ച സമിതി
## (2011 -14)

### ഒന്നാമത് റിപ്പോർട്ട്

### മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച്

(2012 മാർച്ച് 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .... | V |
| ആമുഖം | .... | Vii |
| റിപ്പോർട്ട് | .... | 1 |

## സമിതിയുടെ ഘടന

**അദ്ധ്യക്ഷൻ:**

ശ്രീ. തോമസ് ഉണ്ണിയാടൻ

**അംഗങ്ങൾ:**

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. പി.എ. മാധവൻ

ശ്രീ. കെ.കെ. നാരായണൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ.എം. ഷാജി

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. പി.കെ. മുരളീധരൻ, സെക്രട്ടറി ഇൻ-ചാർജ്ജ്.

ശ്രീമതി. പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. സുരേഷ്, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, അണ്ടർ സെക്രട്ടറി.

ശ്രീമതി. എസ്. ബിന്ദു, അണ്ടർ സെക്രട്ടറി.

## ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 മാർച്ച് 19 -ാം തീയതി കൂടിയ സമിതി അംഗീകരിച്ചു.

(ഒപ്പ്)
തോമസ് ഉണ്ണിയാടൻ,
അദ്ധ്യക്ഷൻ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2012 മാർച്ച് 21.

# റിപ്പോർട്ട്

1. മനുഷ്യന്റെ അതിജീവനത്തിന് അത്യന്താപേക്ഷിതമായ ജീവജലം മരണഭീതി ഉയർത്തിക്കൊണ്ട് ഒരു വലിയ വിഭാഗം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി പരിണമിച്ചിരിക്കുന്ന തികച്ചും വൈരുദ്ധ്യാത്മകമായ പ്രതിസന്ധിയിലൂടെയാണ് നമ്മുടെ നാട് ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാറിന്റെ സമീപസ്ഥജില്ലകളായ ഇടുക്കി, എറണാകുളം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിലെ ജനങ്ങൾ ജീവിക്കാനുള്ള അവകാശത്തിനായി നടത്തുന്ന ചെറുത്തുനിൽപ്പ് ഇപ്പോൾ കേരളമാകെ ഏറ്റെടുത്തിരിക്കുന്നു. ഒരു ഫെഡറൽ സംവിധാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നിയമത്തിനും കോടതിവിധിയ്ക്കും തർക്കവിഷയം സംബന്ധിച്ച ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾക്കും വിധേയമായി പ്രവർത്തിക്കേണ്ടിവരുമ്പോഴും **കേരളത്തിന് സുരക്ഷ-തമിഴ്നാടിന് ജലം** എന്ന ആശയം മുന്നോട്ടുവയ്ക്കാനും പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ പുതിയ അണക്കെട്ടിന്റെ നിർമ്മാണം എന്നത് അംഗീകരിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നത് ഏറെ ശ്ലാഘനീയമാണ്.

2. കാലപ്പഴക്കവും തുടരെയുണ്ടാകുന്ന ഭൂകമ്പങ്ങളും മൂലം സുരക്ഷാഭീഷണി നേരിടുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന് പകരം പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യം നിലനിൽക്കെയാണ് ജനങ്ങളുടെ മനസ്സിൽ ഭീതി വിതച്ചുകൊണ്ട് 2011 നവംബർ അവസാന വാരത്തിലും ഡിസംബർ ആദ്യവാരത്തിലും അടുത്തിടെയുമായി വീണ്ടും തുടർച്ചയായ ഭൂചലനങ്ങൾ ഈ പ്രദേശത്ത് സംജാതമായത്. ഇടുക്കി ജില്ലയിൽ പൊതുവേയും ഡാം പരിസരങ്ങളിൽ പ്രത്യേകിച്ചും ജീവനും സ്വത്തും സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ഉണ്ടായ ഭീതിയും ആശങ്കയും പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കുന്നതിനും സമിതി മുൻ കാലങ്ങളിൽ നടത്തിയ മുല്ലപ്പെരിയാർ സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിനു നൽകിയ ശുപാർശകളിന്മേലുള്ള നടപടികൾ വിലയിരുത്തുന്നതിനുമായി 2011 ഡിസംബർ 20-ാം തീയതി ഹർജികൾ സംബന്ധിച്ച സമിതി പീരുമേട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്ന് ജലവിഭവം, മൈനിംഗ് ആന്റ് ജിയോളജി എന്നീ  വകുപ്പുകളിലേയും സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ഡാം സുരക്ഷാ അതോറിറ്റി എന്നിവയിലെ

ഉദ്യോഗസ്ഥരിൽ നിന്നും, ഇടുക്കി ജില്ലാ കളക്ടറിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത സന്ദർഭത്തിൽ നടന്ന ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന വിഷയങ്ങളെക്കുറിച്ച് നേരിട്ട് വിവരം ശേഖരിക്കുന്നതിന് സമിതി മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയും വസ്തുതകൾ വിലയിരുത്തുകയും ചെയ്തു. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ സമിതിയുടെ സന്ദർശനവുമായി സഹകരിക്കുകയും ഡാമിന്റെ ഇൻസ്പെക്ഷൻ ഗാലറിയിൽ ഉൾപ്പെടെ സമിതിക്ക് പ്രവേശനം അനുവദിക്കുകയും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച തെളിവെടുപ്പിന്റേയും ചർച്ചകളുടെയും വെളിച്ചത്തിൽ സമിതിക്ക് ബോധ്യമായ വസ്തുതകളുടേയും നിഗമനങ്ങളുടേയും കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

## <u>അണക്കെട്ടും സാങ്കേതിക വിദ്യയും</u>

3. എർത്ത് ഫിൽ, റോക്ഫിൽ, ഗ്രാവിറ്റി, ആർച്ച്, ബട്രസ്സ് തുടങ്ങി അഞ്ച് തരം അണക്കെട്ട് നിർമ്മാണ രീതിയാണ് ഇന്ന് വ്യാപകമായി നിലവിലുള്ളത്. പൂർണ്ണമായോ ഭാഗികമായോ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ള സാധനങ്ങൾ, നിർമ്മാണ രീതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യാസമുണ്ടാകുമെങ്കിലും ഏതൊരു അണക്കെട്ടിന്റേയും അവശ്യഘടകം അതിന്റെ ഉറപ്പും സ്ഥിരതയുമാണ്. ഒരു ഗ്രാവിറ്റി ഡാം എന്ന നിലയിൽ നിർമ്മിക്കപ്പെട്ട മുല്ലപ്പെരിയാർ ഡാമിന്റെ ഉറപ്പിനെക്കുറിച്ച് വിലയിരുത്തുമ്പോൾ ഡാമിന്റെ കാലപ്പഴക്കവും തുടരെയുണ്ടാകുന്ന ഭൂകമ്പവും മൂലം ഇപ്പോൾ ജനങ്ങളുടെ ഇടയിൽ ഉടലെടുത്തിരിക്കുന്ന ആശങ്കയ്ക്കും ഭീതിയ്ക്കും അടിസ്ഥാനമുണ്ടെന്നുതന്നെ സമിതി വിശ്വസിക്കുന്നു.

4. ഘടനയുടെ ഭാരത്തെ ആശ്രയിച്ച് നിൽക്കുന്നവയാണ് ഗ്രാവിറ്റി ഡാമുകൾ. കോൺക്രീറ്റ് കൊണ്ട് പണിതിരിക്കുന്ന ഗ്രാവിറ്റി ഡാമുകളുടെ ബലവും അത്തരം സാങ്കേതികവിദ്യകൾ നിലവിൽ വരുന്നതിനുമുമ്പ് ശക്തമായ സ്റ്റോൺ മേസൺറിയുടെ പിൻബലത്തിൽ നിർമ്മിക്കപ്പെട്ട ഡാമുകളുടെ ബലവും താരതമ്യപ്പെടുത്തുമ്പോൾ റോക്ക് ഫൗണ്ടേഷൻ പോലെ ശക്തമായ അടിത്തറ വേണ്ടവയാണ് ഗ്രാവിറ്റി ഡാമുകൾ എന്നു കാണാവുന്നതാണ്. നൂറുവർഷം മുമ്പ് ഉണ്ടായിരുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഡാം സ്ട്രക്ചറിന്റെ അടിത്തറ, ഉറപ്പ്

എന്നിവ പരിശോധിക്കണമെന്ന കേരളത്തിന്റെ ആവശ്യം വേണ്ട വിധം പരിഗണിക്കപ്പെട്ടിട്ടില്ല എന്ന് സമിതിക്ക് അഭിപ്രായമുണ്ട്.

5. ഡാമിന്റെ സുരക്ഷ സംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് രണ്ട് സംസ്ഥാനങ്ങളുടേയും കൂട്ടായ അവലോകനവും പരിശോധനയും അനിവാര്യമാണ്. ആയതിനാൽ ജനങ്ങളുടെ ഭയാശങ്കകൾ അകറ്റുന്നതിന് കേരളത്തിന്റെ ഈ ആവശ്യം ഉന്നതാധികാര സമിതി മുമ്പാകെ സമർപ്പിച്ച് ജോയിന്റ് മോണിറ്ററിംഗിനുള്ള സൗകര്യം സൃഷ്ടിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

6. സമുദ്രനിരപ്പിൽ നിന്നും 5000 അടി ഉയരത്തിൽ നിൽക്കുന്ന ഡാമിന് 1200 അടി നീളവും 155 അടി ഉയരവുമുണ്ട്. 117 വർഷം മുമ്പുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് സുർക്കിയും ചുണ്ണാമ്പും കലർന്ന മിശ്രിതം കൊണ്ട് പണിത അണക്കെട്ടിന് ഇന്നത്തെ അണക്കെട്ടുകൾക്കുള്ള എക്സ്പാൻഷൻ ജോയിന്റുകളൊന്നുമില്ല. മാത്രവുമല്ല അണക്കെട്ടിൽ നിന്ന് ഊറൽ ജലത്തിലൂടെ ഒരു വർഷം ശരാശരി 30 ടൺ ചുണ്ണാമ്പ് ലീച്ചിംഗ് പ്രക്രിയ മൂലം നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന് തമിഴ്നാട് തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഇത് അപകടകരമായ അവസ്ഥയാണ്.

7. പല അണക്കെട്ടുകളും തകർന്ന ചരിത്രം നമുക്കു മുമ്പിലുണ്ട്. അണക്കെട്ടിന്റെ ആകെ ഉയരത്തേക്കാൾ ജലനിരപ്പ് ഉയരുന്നപക്ഷം അണക്കെട്ട് ഭേദിക്കുന്ന വെള്ളം അതിന്റെ താഴെ പതിക്കുകയും അണക്കെട്ട് നിലം പതിക്കുകയും ചെയ്യും. അത് പൂർണ്ണമായോ ഭാഗികമായോ ആകാം. മധ്യപ്രദേശിലെ ടിഗ്ര അണക്കെട്ട്, പെൻസിൽ വാനിയയിലെ ഓസ്റ്റിൻ അണക്കെട്ട് എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

8. ഗുജറാത്തിലെ മാച്ചുരണ്ട് എന്ന അണക്കെട്ട് 1979 –ൽ ഭയാനകമായ മഴയിൽ തകർന്ന് ഒഴുകിപ്പോയി. 2500 ലധികം പേരുടെ മരണത്തിനിടയാക്കിയ പ്രസ്തുത സംഭവത്തെതുടർന്നാണ് 1979 - ൽ മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് 145 അടിയിൽ നിന്നും 136 അടിയാക്കി കുറച്ചത്. അതുകൊണ്ടുതന്നെ ജലനിരപ്പ്

ഇനിയും വർദ്ധിപ്പിക്കണമെന്ന ആവശ്യം സുരക്ഷാകാരണങ്ങളാൽത്തന്നെ ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല.

9. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ ഡോ. ബാബ ചെയർമാനായ കമ്മിറ്റി, ഡാമിന്റെ സുരക്ഷയെപ്പറ്റി സ്ട്രക്ച്ചറൽ അനാലിസിസ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാൻ, മുഖ്യമന്ത്രിയുടെ ഉപദേശകനായിരുന്ന വൽസലൻ എന്നിവർ ഡാം സുരക്ഷയെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. 136 അടിയിൽ വെള്ളം നിർത്തിയാൽ ഡാം സുരക്ഷിതമായിരിക്കുമെന്നാണ് ഈ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നതെന്നും ഐ.ഐ.ടി റൂർക്കിയെക്കൊണ്ട് വിദഗ്ധ പഠനം നടത്തിക്കുകയും പീരിയോഡിക്കലായിട്ട് വെള്ളപ്പൊക്കം വരുമ്പോഴും ലെവൽ 136 അടി കഴിയുമ്പോഴും പരിശോധന നടത്തി പീരിയോഡിക്കൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഡാമിൽ 136 അടിയിൽ വെള്ളം നിൽക്കുമ്പോൾ റിക്ടർ സ്കെയിലിൽ ‘5’ മാഗ്നിറ്റ്യൂഡ് രേഖപ്പെടുത്തുന്ന ഭൂചലനമുണ്ടാകുമ്പോൾ വിള്ളൽ സംഭവിക്കാമെന്നും ഡാം സുരക്ഷിതമല്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നും സമിതി മുമ്പാകെ ഉദ്യോഗസ്ഥൻമാർ വെളിപ്പെടുത്തി. ഈ ഭാഗത്ത് പണ്ട് കാലത്ത് വലിയ ഭൂചലനങ്ങൾ നടന്നിട്ടുള്ളതിന്റെ സൂചനയാണ് കിട്ടിയിട്ടുള്ളത് എന്നും ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ പഠനത്തിൽ ഡാമിന്റെ വടക്ക് ‘6’ മാഗ്നിറ്റ്യൂഡിൽ കൂടിയ ഭൂചലനം നടന്നതായി സൂചനയുണ്ടെന്നും ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുള്ളതായും സമിതിക്ക് ബോധ്യപ്പെട്ടു.

10. 136 അടിയിലും 152 അടിയിലുമുള്ള രണ്ട് താരതമ്യ പഠനങ്ങൾ നടത്തിയതിൽ ഡാം നിറഞ്ഞു നിന്നാൽ ‘5’ മാഗ്നിറ്റ്യൂഡായാലും ഡാമിൽ വിള്ളൽ വരുമെന്നും ബലഹീനമാകുമെന്നും എന്നാൽ 136 അടിയിൽ നിൽക്കുകയാണെങ്കിൽ ഭൂചലനം ‘6’ മാഗ്നിറ്റ്യൂഡ് രേഖപ്പെടുത്തുമ്പോൾ മാത്രമേ അപകടം സംഭവിക്കുകയുള്ളൂവെന്നുമായിരുന്നു സെസ്സിന്റെ നിഗമനമെന്നും എന്നാൽ കേരളത്തിന്റെ ഒരു സ്ഥാപനം നടത്തിയ പഠനത്തിന്റെ നിഗമനങ്ങൾക്ക് സാധുത ഇല്ലെന്നതിന്റെ

യടിസ്ഥാനത്തിൽ ഐ.ഐ.ടി റുർക്കിയെക്കൊണ്ട് വീണ്ടും പഠനം നടത്തിയിരിക്കുകയാണെന്ന വസ്തുത സമിതിക്ക് ബോധ്യപ്പെട്ടു. 2009 ലാണ് റൂർക്കിയുടെ റിപ്പോർട്ട് കിട്ടിയത്. അതിൽ 136, 142, 152, 155 അടികളിൽ അനാലിസിസ് നടത്തിയതിൽ 136 അടിയിൽ വെള്ളം നിൽക്കുമ്പോൾ ഉണ്ടാകുന്നതിനേക്കാൾ ആഘാതം വെള്ളം കൂടുന്തോറും അതേ മാഗ്നിറ്റ്യൂഡിലുള്ള ഭൂചലനം വന്നാൽ കൂടിയിരിക്കുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളതെന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. ഫ്ളഡ് സ്റ്റഡി നടത്തിയതിൽ പ്രോബബിൾ മാക്സിമം ഫ്ളഡ് (പി. എം. എഫ്) 2.21 നുപകരം 2.92 ആണ് കണക്കാക്കേണ്ടത് എന്നും ഈ അളവിൽ ഒരു വെള്ളപ്പൊക്കം വരികയാണെങ്കിൽ 136 അടിയിൽ വെള്ളം നിൽക്കുമ്പോൾ പോലും ഡാമിന്റെ ടോപ്പിന്റെ മുകളിൽ 5.22 അടിവെള്ളം പൊങ്ങുകയും പതിനൊന്ന് മണിക്കൂർ നേരത്തേക്ക് ഒഴുകിക്കൊണ്ടിരിക്കുകയും അതു വരുമ്പോൾ ഡാമിനു മുകളിലൂടെ വെള്ളം ഒഴുകികഴിഞ്ഞാൽ ഡാം പരാജയപ്പെടുമെന്നും ഇത് 'ഹൈഡ്രോളജിക്കലി അൺസെയ്ഫ്' ആയിരിക്കും എന്നുമാണ് ഡൽഹി ഐ.ഐ.ടി യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ഇത് ഡാമിന് വൻ ഭീഷണി ഉയർത്തുന്ന ഒന്നാണെന്ന് സമിതി വിലയിരുത്തുന്നു.

11. ഭൂചലന പ്രതിഭാസത്തോട് വലിയ അണക്കെട്ടുകൾ എങ്ങനെ പ്രതികരിക്കുന്നു എന്നത് സംബന്ധിച്ച് ചുരുക്കം വിവരങ്ങളേ ഇന്ന് ലഭ്യമായിട്ടുള്ളൂ. ഭൂചലന പ്രതിഭാസത്തിന്റെ കാര്യത്തിലുള്ള അനിശ്ചിതത്വം എന്ന സാങ്കേതികത്വത്തിൽ പിടിച്ച് എറെനാൾ തുടരാൻ കഴിയില്ല. പ്രകൃതിയുടെ പ്രതിഭാസങ്ങൾ പഠനങ്ങൾക്കും കണ്ടെത്തലുകൾക്കും വിധേയമായികൊള്ളണമെന്നുമില്ല. എങ്കിലും ഐ.ഐ.ടി റൂർക്കിയുടെ പഠന റിപ്പോർട്ടിൽ അണക്കെട്ടിനുസമീപം 6.5 തീവ്രതയുള്ള ഭൂകമ്പത്തിന് വഴിവച്ചേയ്ക്കാവുന്ന ഭ്രംശമേഖല കണ്ടെത്തിയിട്ടുണ്ട് എന്ന വെളിപ്പെടുത്തൽ ആശങ്കയുളവാക്കുന്നതാണ് എന്ന് സമിതി അഭിപ്രായപ്പെടുന്നു. 4.2 തീവ്രതയുള്ള ഭൂകമ്പത്തിനുമാത്രം സാദ്ധ്യതയുള്ള സ്ഥലമായി വിലയിരുത്തപ്പെട്ടിരുന്ന മേഖലയിലാണ് മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത് എന്നത് ഗൗരവപൂർവ്വം കാണേണ്ട വസ്തുതയാണ് എന്ന് സമിതി ഓർമ്മിപ്പിക്കുന്നു. ആയതിനാൽ ദുരന്തങ്ങൾ സംഭവിക്കുന്നതുവരെ കാക്കാതെ ആവശ്യമായ എല്ലാ മുൻകരുതൽ നടപടികളും അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ഗ്രാവിറ്റി ഡാം ആയതിനാൽ ഡാംബോഡി, വെള്ളം, സിൽറ്റ് എന്നിവയുടെ ഭാരം സ്ട്രക്ചറിന്റെ ഭാരം തന്നെ താങ്ങിക്കൊള്ളുമെന്ന വാദത്തിന് കാലഹരണം സംഭവിച്ച ഒരു ഡാമിന്റെ കാര്യത്തിൽ എത്രത്തോളം സാംഗത്യമുണ്ടെന്ന് സമിതിക്ക് സംശയമുണ്ട്. വിള്ളലുകൾ, ഉള്ളിൽ നിന്നുള്ള മർദ്ദം എന്നിവ തടയാൻ കോൺക്രീറ്റ് മിശ്രിതം കൺസ്ട്രക്ഷൻ ജോയിന്റുകളിൽ ഒഴിച്ച് ബലപ്പെടുത്തേണ്ടതുണ്ടെന്നും കോൺക്രീറ്റ് മിശ്രിതം ശരിയായ രീതിയിൽ ഉറയ്ക്കുന്നതിന് ആവശ്യമായ കൂളിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ടെന്നും എന്നാൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള ബലപ്പെടുത്തൽ നടപടികളൊന്നും കാണുവാൻ കഴിഞ്ഞില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. അടിയന്തിരമായി പുതിയൊരു ഡാം നിർമ്മിക്കുകയും ഒപ്പം ജനങ്ങളുടെ ഭയാശങ്കകൾ അകറ്റുന്നതിന് നിലവിലുള്ള ഡാമിന്റെ ബലപ്പെടുത്തൽ നടപടികൾ തുടരേണ്ടതുമുണ്ട്. തമിഴ്നാട് സർക്കാരിന്റെ അധീനതയിലുള്ള ഡാംസൈറ്റിൽ പ്രവേശിക്കുന്നതിനുപോലും കടുത്ത നിയന്ത്രണങ്ങൾ നിലവിലുള്ളപ്പോൾ ബലപ്പെടുത്തൽ നടപടികൾ അവലോകനം ചെയ്യാൻ ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് എത്രത്തോളം സാധിക്കുന്നുണ്ട് എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. <u>ആയതിനാൽ പുതിയ ഡാം നിർമ്മിക്കുന്നതുവരെയുള്ള താത്ക്കാലിക ബലപ്പെടുത്തൽ നടപടികൾ സംസ്ഥാന ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി ബോദ്ധ്യപ്പെടുത്തി നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

13. <u>മുകളിൽ നിന്നുള്ള വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങളും ഡൈവേർഷൻ ടണലുകളും അതിയായ മർദ്ദം അതിജീവിക്കേണ്ടതുള്ളതുകൊണ്ട് അവ കുറ്റമറ്റരീതിയിൽ പരിപാലിക്കപ്പെടേണ്ടതുണ്ട്. രൂപഘടനയിലെ പ്രശ്നങ്ങൾ സങ്കീർണ്ണമായതുകൊണ്ടു തന്നെ ഹൈഡ്രോളിക് ലബോറട്ടറികളിൽ മാതൃകകൾ വച്ചുള്ള പഠനങ്ങൾ ആവശ്യമാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഇത് എത്രത്തോളം നടക്കുന്നുവെന്നതും പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിൽ തന്നെ അതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തി അത്തരത്തിലുള്ള പഠനങ്ങൾ നടത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

**<u>തമിഴ്നാടിന് വെള്ളം</u>**

14. "സംസ്ഥാനത്തിന്റെ താൽപ്പര്യം യാതൊരുവിധത്തിലും പരിഗണിക്കാതെ വളരെ ദീർഘമായ ഒരു കാലയളവിലേക്ക് ഒപ്പുവച്ച ഈ കരാറിന് സ്വാതന്ത്ര്യ

ലബ്ധിയോടു കൂടി നിയമ സാധുത നഷ്ടപ്പെട്ടു" എന്ന 1993 ൽ നിയമസഭ നിയോഗിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ അഭിപ്രായം ഇത്തരുണത്തിൽ ശ്രദ്ധേയ മാണ്. ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞിട്ടും കാലഹരണപ്പെട്ട ഒരു കരാറിന്റെ പിൻബലത്തിൽ തമിഴ്നാടിനാവശ്യമായ ജലം കൊണ്ടുപോകുമ്പോഴും സംസ്ഥാ നത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനുള്ള ശ്രമങ്ങളൊന്നും തന്നെ നടന്നിട്ടില്ല. എന്നത് തികച്ചും ഖേദകരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

15. 152 അടിക്ക് താഴെ വരുന്ന വെള്ളം എടുക്കാനുള്ള അവകാശം തമിഴ്നാടി നുണ്ടെങ്കിലും 1963 മുതൽ അവർ എടുത്ത വെള്ളത്തിന്റെ കണക്ക് നോക്കിയ പ്പോൾ ശരാശരി 19.5 T.M.C വെള്ളം കൊണ്ടുപോകുന്നതായിട്ടാണ് കണ്ടതെന്നും ജോയിന്റ് മോണിറ്ററിംഗിനുള്ള സംവിധാനങ്ങളുടെ അഭാവത്തിൽ അവരുടെ കണക്കുകൾ അംഗീകരിക്കാനേ കേരളത്തിന് സാധിക്കുകയുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു. ജോയിന്റ് മോണിറ്ററിംഗിനുള്ള സംവിധാനം വേണമെന്ന് കേരളം ആവശ്യപ്പെട്ടപ്പോൾ അങ്ങനെയൊരു സഹകരണം വേണ്ടെന്നായിരുന്നു തമിഴ്നാടിന്റെ നിലപാടെന്നും എന്നാൽ അവർ ഓരോ വർഷവും എടുക്കുന്ന വെള്ളത്തിന്റെ കണക്ക് സുപ്രീം കോടതിയിൽ നൽകിയിട്ടുണ്ടെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു. തമിഴ്നാടിന് നൽകുന്ന ജലം രേഖപ്പെടുത്താനുള്ള സംവി ധാനങ്ങൾ സംസ്ഥാന ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ട ത്തിൽകൊണ്ടുവന്നാൽ മാത്രമേ തമിഴ്നാടിന് കൊടുക്കുന്ന ജലം കൃത്യമായി രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ കൊടുക്കുന്നവെള്ളം കൃത്യ മായി രേഖപ്പെടുത്തുന്നതിനും അതിന് ന്യായമായ വില ഈടാക്കുന്നതിനുമുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. തുല്യപ്രാധാന്യത്തോടെ ഇതോടൊപ്പം കാണേണ്ട വിഷയമാണ് അന്തർസംസ്ഥാന നദീജല സംയോജന പദ്ധതി സംബന്ധിച്ച് സുപ്രീംകോടതി യുടെ നിർദ്ദേശമെന്ന് സമിതി മനസ്സിലാക്കുന്നു. തമിഴ്നാടിന് ആവശ്യമുള്ളത്ര ജലം മുല്ലപ്പെരിയാറിൽ നിന്നും എടുക്കാൻ കരാറിലൂടെ നൽകിയ അനുമതി അനതിവിദൂര ഭാവിയിൽ സമീപസ്ഥ ജില്ലകളെ വരൾച്ചയിലേക്ക് എത്തിച്ചേക്കാം. എന്നിരിക്കെ ആയതിന് ആക്കം കൂട്ടുന്നതാണ് ഇപ്പോൾ നടപ്പാക്കാൻ പോകുന്ന അന്തർസംസ്ഥാന നദീജല പദ്ധതി. രാജ്യത്തെ 30 നദികളെ 2016 ഓടെ സംയോ ജിപ്പിക്കുന്ന ഈ പദ്ധതി നടപ്പാക്കിയാൽ ദക്ഷിണേന്ത്യയിലെ 16 നദികളാണ്

ഇങ്ങനെ കൂട്ടിയോജിപ്പിക്കപ്പെടുക. ഇതുയർത്തുന്ന സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങൾ ചെറുതല്ല. അതുകൊണ്ടാണ് അന്തർസംസ്ഥാന നദീജല സംയോജന കരാറിനെ സംസ്ഥാനം ആദ്യമേതന്നെ എതിർത്തുപോന്നത്. ഇപ്പോൾ പ്രസ്തുത പദ്ധതിക്ക് സുപ്രീംകോടതി അനുമതി നൽകിയതനുസരിച്ച്, കേരളത്തിലെ പടിഞ്ഞാറോട്ട് ഒഴുകുന്ന പമ്പ, അച്ചൻകോവിൽ, നദികളെ കിഴക്കോട്ട് ഒഴുക്കി തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി സംയോജിപ്പിക്കപ്പെട്ടാൽ, നദികൾ ഒഴുകിയിരുന്ന പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമവും കൃഷിനാശവും ഉണ്ടാവുമെന്ന് Centre for Water Resource Department & Management ന്റെ പഠനം സാക്ഷ്യപ്പെടുത്തുന്നു. കേന്ദ്രസർക്കാരിന്റെ പഠനത്തിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ആകയാൽ കേരളത്തിന് ഒരിക്കലും ഇതിനോട് യോജിക്കാനാവില്ല എന്ന സംസ്ഥാന സർക്കാരിന്റെ സമീപനത്തിന്റെയടിസ്ഥാനത്തിൽ അന്തർസംസ്ഥാന നദീജല സംയോജന പദ്ധതി സംസ്ഥാന താൽപ്പര്യത്തിന് തികച്ചും പ്രതികൂലമായ ഒന്നാണ്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി സംബന്ധിച്ച് 06-08-2003-ൽ കേരള നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ അന്തസത്ത, നദീജല സംയോജന പദ്ധതിക്ക് സംസ്ഥാനം എതിരാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് നദീജല സംയോജന പദ്ധതി നടപ്പാക്കരുതെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## <u>ഡാം ബ്രേക്കിംഗ് അനാലിസിസ്</u>

17. ഡാം ബ്രേക്കിംഗ് അനാലിസിനെക്കുറിച്ച് മുൻ സമിതി ശുപാർശ നൽകിയിരുന്നു. റൂർക്കി ഐ.ഐ.ടി ഇതുസംബന്ധിച്ച് പഠനം തുടങ്ങിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ എത്ര പ്രദേശത്ത് വെള്ളം കയറുമെന്നതിനെപ്പറ്റി വിശദമായ റിപ്പോർട്ട് ജില്ലാ അധികാരികൾക്കും സിസാസ്റ്റർ മാനേജ്മെന്റിനും നൽകിയിട്ടുണ്ടെന്നും എന്നാൽ നമുക്കിവിടെ ആധുനിക സൗകര്യങ്ങളൊക്കെ ഉണ്ടായിട്ടും അതനുസരിച്ച് എവിടെയൊക്കെ വെള്ളം കയറുമെന്ന് കണ്ടെത്തി ആ വിവരം കൊടുക്കുന്നതിനെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാട് ഇനിയും ഉണ്ടായിട്ടില്ല. ഇതിനെക്കുറിച്ച് പഠിക്കുന്നതിന് അനുയോജ്യരായ സാങ്കേതിക വിദഗ്ധരില്ല എന്നതിനാൽ ഐ.ഐ.ടി റൂർക്കിയെ ഏൽപ്പിച്ചിരിക്കുകയാണ് എന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിന് വേണ്ടത്ര ഗൗരവം നൽകാതെയും സംഭവങ്ങളെ

ലഘൂകരിച്ചും കാണുന്ന സെസ് നിലപാടിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. അടിയന്തിരമായി ഡാം ബ്രേക്കിംഗ് അനാലിസിസ് നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. 70 ച.കി.മീ ഏരിയായിൽ വെള്ളം കയറുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിർ അവിടങ്ങളിലെ കുടുംബങ്ങളുടെ ലിസ്റ്റ് എടുത്ത് കൊണ്ടിരിക്കുകയാണെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് എ.ജി ആവശ്യപ്പെടാത്തതു കാരണം കൊടുത്തിട്ടില്ലെന്നും സമിതി കണ്ടെത്തി. ദുരന്തമുണ്ടായാൽ അത് എത്രപേരെ ബാധിക്കുമെന്നതിന്റെ കണക്ക് കൃത്യമായി ശേഖരിക്കാതെയാണ് ഇതു സംബന്ധിച്ച കണക്കുകൾ കോടതിയിൽ സമർപ്പിക്കപ്പെട്ടത് എന്നത് തികച്ചും ഖേദകരമാണ്. ഡാമിന്റെ സുരക്ഷയെക്കുറിച്ച് ചർച്ച തുടങ്ങിയത് 1995-96 കാലത്താണ്. മുല്ലപ്പെരിയാർ മുതൽ ഇടുക്കി വരെയുള്ള സ്ഥലത്ത് ദുരന്തമുണ്ടായാൽ എവിടെയൊക്കെയാണ് ബാധിക്കുകയെന്നുള്ളതിന്റെ റിപ്പോർട്ട് ഐ.ഐ.ടി റൂർക്കിയിൽ നിന്ന് ലഭ്യമാകുന്നപക്ഷം ജലവിതാനം ഏതുവരെ ഉയരുമെന്നും എത്ര ആളുകളെ ബാധിക്കുമെന്നും കൃത്യമായി പറയാൻ കഴിയും. ഭൂചലനങ്ങൾ എപ്പോൾ വേണമെങ്കിലും ഉണ്ടാകാൻ സാധ്യതയുള്ള അവസ്ഥയിൽ അണക്കെട്ട് തകർന്നതിനുശേഷം ആവശ്യമായ രക്ഷപ്പെടുത്തലിനുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്നത് ലോക മനസ്സാക്ഷിക്കുമുമ്പിൽ നീതികരിക്കാൻ കഴിയാത്ത കാര്യമാണ്. ആയതിനാൽ ദുരന്ത നിവാരണ സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ആശങ്കാവസ്ഥ നാളുകളായി റിപ്പോർട്ട് ചെയ്തിട്ടും എന്തെങ്കിലും സംഭവിച്ചാൽ അതിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു സംവിധാനവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല എന്നത് ഒരു വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. അണക്കെട്ടിന്റെ താഴ്വരയിലുള്ള ജനങ്ങളുടെ ഭീതി അകറ്റുന്നതിനുവേണ്ട ശക്തമായ ദുരന്തനിവാരണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. സെൻറർ സോയിൽ & മെറ്റീരിയൽ സെക്ഷനിൽ 2011 –ൽ സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം റിമോട്ട് ഓപ്പറേറ്റർ മുഖേന നടത്തിയ പഠനത്തിൽ വെള്ളത്തിനടിയിൽ എല്ലാ സെക്ഷനിലും ചാന്ത് ഇളകിപ്പോയി കല്ല് മാത്രം നിൽക്കുന്നതായാണ് കണ്ടെത്തിയതെന്നും എത്ര ആഴത്തിൽ ചാന്ത് ഇളകിയിരിക്കുന്നു എന്നതും ആശങ്കാജനകമാണെന്നും

<u>സമിതി അഭിപ്രായപ്പെടുന്നു. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

**<u>ബേബി ഡാം സുരക്ഷ</u>**

20. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലവിതാനം ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മിച്ച ബേബി ഡാമും സമിതി പരിശോധിക്കുകയുണ്ടായി. ബേബി ഡാമും സുരക്ഷിതമല്ല എന്നാണ് സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞത്. വിള്ളലിന്റെ മുകളിലാണ് ഡാം നിൽക്കുന്നത് എന്നതിനാൽ ബേബി ഡാം ശക്തിപ്പെടുത്തുന്നതിലും കാര്യമില്ല. 1979 -ൽ കേന്ദ്ര സർക്കാർ ഇടപെട്ട് സമാന്തര ഡാമിനുവേണ്ടി സ്ഥലം കണ്ടെത്തിയിരുന്നു. ഇപ്പോൾ പുതിയ ഡാമിനായി നിശ്ചയിച്ചിരിക്കുന്ന 1300 അടി താഴെയുള്ള സ്ഥലം തന്നെയായിരുന്നു അത്. രണ്ട് സർക്കാരുകളും ഇത് സംബന്ധിച്ച് യോജിപ്പിലെത്തിയിരുന്നുവെങ്കിലും കാര്യമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളൊന്നും തുടങ്ങാനായില്ല. ഡാമിന്റെ എല്ലാ സ്പിൽവേയും തുറന്ന് വച്ചിരിക്കുകയാണ്. സ്പിൽ ലെവൽ ഫിക്സ് ചെയ്തിരിക്കുന്നത് 136 അടിയാണ്. ആ ലെവലിൽ വെള്ളം നിറഞ്ഞു കഴിയുമ്പോഴേക്കും തനിയേ പുറത്തുപോകും. അതിന്റെ ഒരു ഭാഗം അല്പം കുഴിഞ്ഞും ഒരു ഭാഗം പൊങ്ങിയും കിടക്കുന്നതിനാൽ കുഴിഞ്ഞ വഴി പെട്ടെന്ന് വെള്ളം പോകുമെന്ന് സമിതി മനസ്സിലാക്കുന്നു. സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റിയിലാണ് ഇനിയുള്ള പ്രതീക്ഷയെന്ന് അഭിപ്രായപ്പെട്ട സമിതി, കേരളത്തിന്റെ അഭിപ്രായങ്ങളെല്ലാം കമ്മിറ്റിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

21. മുല്ലപ്പെരിയാർ സംബന്ധിച്ച കേസ് നടത്തിപ്പിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറച്ചുകൂടെ അവധാനത ഉണ്ടാകണമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. പലപ്പോഴും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് കേസിന്റെ നടത്തിപ്പിൽ വേണ്ടത്ര ഏകോപനമുണ്ടാകുന്നില്ല എന്ന ആക്ഷേപം ഉയർന്നുവന്നിട്ടുള്ളത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. <u>ഇത് കേസിന്റെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നും സംസ്ഥാന താത്പര്യം തൻമൂലം സംരക്ഷിക്കപ്പെടാതെ പോകുമെന്നും സമിതി വിലയിരുത്തുന്നു. ഉദ്യോഗസ്ഥൻമാർ ഈ നിലപാട് ഒഴിവാക്കി യോജിച്ച പ്രവർത്തനം കാഴ്ചവയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

22. എവിടെയൊക്കെ ചോർന്നൊലിക്കുന്നു എന്നറിയാനായി ബോർ ഹോളുകൾ ഉണ്ടാക്കി കോർടെസ്റ്റിംഗ് നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അതിനുള്ള മെഷീൻ വന്നിട്ടുണ്ടെന്നല്ലാതെ ടെസ്റ്റ് തുടങ്ങിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. 1200 അടി നീളമുള്ള ഡാമിൽ മദ്ധ്യഭാഗം മാത്രം തുരന്ന് പരിശോധിക്കുന്നത് കൊണ്ട് കാര്യമില്ലെന്നും ആയതിനാൽ ബലം സംബന്ധിച്ച പരിശോധനകൾക്കായി ഡാമിൽ 15 സെന്റിമിറ്റർ വ്യാസത്തിൽ തുരന്ന് കോർ ടെസ്റ്റിംഗ് ഒൻപത് സ്ഥലത്തെങ്കിലും നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൂർണ്ണമായും സുരക്ഷിതമായ പുതിയ ഡാം

23. ഡാം സേഫ്റ്റി അതോറിറ്റി മൂന്നുപ്രാവശ്യം മുല്ലപ്പരിയാർ ഡാം സന്ദർശിക്കുകയും 136 അടിക്ക് മുകളിൽ വെള്ളം നിറുത്തുന്നത് സുരക്ഷയ്ക്ക് ഭീഷണിയാണെന്ന് കാണിച്ച് റിപ്പോർട്ട് കൊടുക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ജലനിരപ്പ് 136 അടി വരെ നിർത്തുന്നതിൽ അപകടമില്ലെന്ന സന്ദേശം ഇത് തമിഴ്നാടിന് നൽകുമെന്ന് സമിതി ആശങ്കപ്പെടുന്നു.

24. 1979 മുതൽ നടത്തിയ എല്ലാ പഠനങ്ങളും മുല്ലപ്പെരിയാർ അണക്കെട്ട് ദുർബ്ബലമാണെന്നാണ് സൂചിപ്പിക്കുന്നത്. അണക്കെട്ടിന്റെ ജലാന്തർഭാഗം സ്കാൻ ചെയ്യുന്നതിനും ബോർ ഹോളുകൾ നിർമ്മിച്ച് ഉള്ളറകളിലെ കോർ സാമ്പിൾ പരിശോധിക്കുന്നതിനും ഉന്നതാധികാര സമിതി തീരുമാനിച്ചെങ്കിലും അണ്ടർ വാട്ടർ റിമോട്ട് വെഹിക്കിൾ ഉപയോഗിച്ചുള്ള സ്കാനിംഗ് മാത്രമേ ഇതുവരെ നടന്നിട്ടുള്ളൂ. തമിഴ്നാടിന്റെ അനുവാദമുണ്ടെങ്കിൽ 'സൈഫൺ' സംവിധാനത്തിലൂടെ ഒരാഴ്ച കൊണ്ട് 120 അടിയിലേക്ക് വെള്ളം താഴ്ത്തികൊണ്ടുവരാൻ ചെലവ് കുറഞ്ഞ രീതിയിൽ നമുക്ക് കഴിയുമെന്ന് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു.

25. അണക്കെട്ടിലെ കേബിൾ ആംഗറിംഗ് സിസ്റ്റത്തിലെ 34 കേബിളുകളിൽ 5 എണ്ണം കേടായി കിടക്കുകയാണ് എന്ന വസ്തുത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു.

26. ഡാമിലെ ആട്ടോമാറ്റിക് വാട്ടർ ലെവൽ റിക്കാർഡർ ബാറ്ററി വീക്കായത് കാരണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഗ്യാലറി പരിശോധിച്ചതിൽ 35 ബ്ലോക്കുകളും ചോർന്നൊലിക്കുന്നുണ്ടെന്നും ചോർന്നൊലിക്കുന്ന ജലത്തിനൊപ്പം സുർക്കിപോലുള്ള പദാർത്ഥവും ഒലിച്ചിറങ്ങുന്നതും സമിതിക്ക് കാണാൻ കഴിഞ്ഞു. സാധാരണ അണക്കെട്ടുകളിൽ ഇൻസ്പെക്ഷൻ ഗ്യാലറികൾ നിർമ്മിക്കുന്നത് ജലം കെട്ടിക്കിടക്കുന്ന മുൻഭാഗത്താണ്. എന്നാൽ പിൻഭാഗത്ത് ഗ്യാലറി നിർമ്മിച്ചിട്ടും ഇത്രയധികം ചോർച്ചയുണ്ടാകുന്നത് ഗൗരവമായി കാണേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

27. മുല്ലപ്പെരിയാർ ഡാമിന് അപകടം സംഭവിച്ചാൽ ഉണ്ടാകുന്ന ഒഴുക്ക് താങ്ങാൻ ഇടുക്കി ഡാമിന് കഴിയില്ല എന്നത് ഗൗരപപൂർവ്വം വീക്ഷിക്കേണ്ട ഒന്നാണെന്ന് സമിതി കരുതുന്നു. പുതിയ ഒരു അണക്കെട്ട് എന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന ആവശ്യം വലിയൊരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അതിന് പ്രാദേശിക രാഷ്ട്രീയ-ഭാഷാ മാനങ്ങൾ നൽകുന്നത് അപലപനീയമാണെന്ന് സമിതി വിശ്വസിക്കുന്നു. അണക്കെട്ടിന്റെ നിർമ്മാണം സമയമെടുക്കുന്ന സങ്കീർണ്ണ പ്രക്രിയയാണെന്നതുകൊണ്ടുതന്നെ അതു സംബന്ധിച്ച പ്രാഥമിക നടപടികൾ ത്വരിതപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനുള്ള ഇച്ഛാശക്തി സർക്കാർ പ്രകടിപ്പിക്കണമെന്നും, തുടർച്ചയായുള്ള ഭൂചലനം ഡാമിനെ കൂടുതൽ അപകടാവസ്ഥയിൽ എത്തിച്ചിട്ടുള്ള സാഹചര്യത്തിൽ, ഭൂകമ്പത്തെ അതിജീവിക്കുന്ന പുതിയ ഡാം എത്രയും വേഗം പണിയണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**തോമസ് ഉണ്ണിയാടൻ,**
**അദ്ധ്യക്ഷൻ,**
**ഹർജികൾ സംബന്ധിച്ച സമിതി.**

**തിരുവനന്തപുരം,**
**21-03- 2012.**